# ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സ്കൂളിൽ നടത്തിയ പ്രവർത്തനങ്ങൾ

1. ഫോട്ടോഗ്രാഫി മത്സരം
2. ചെടിക്കൂട്ട് ഡയറി അനുമോദനം
3. പച്ചക്കറിത്തോട്ടം ആരംഭം
4. ക്ലീൻ ഡ്രൈവ്| പ്രൊജക്ട് പ്രാരംഭയോഗം

## ഫോട്ടോഗ്രാഫി മത്സരം

ഫോട്ടോഗ്രാഫി മത്സരത്തിനായി ജൂൺ 1 ന് തന്നെ കുട്ടികൾക്ക് അറിയിപ്പ് നൽകുകയും ജൂൺ 3 വൈകുന്നേരം വരെ അവർ എടുത്ത ഫോട്ടോ ക്ലാസ് ഗ്രൂപ്പുകളിൽ അയക്കാനുള്ള അവസരം നൽകുകയും ചെയ്തു. 24 ക്ലാസിൽ നിന്നും ഓരോ ഫോട്ടോ വീതം (ചുറ്റുപാടുമുള്ള പ്രകൃതി ഭംഗിയുടെ) Select ചെയ്തു. അതിൽ Ist, IInd, IIIrd തിരഞ്ഞെടുത്തു. Select ചെയ്ത 24 കുട്ടികൾക്കും പ്രോത്സാഹന സമ്മാനം നൽകുകയും ചെയ്തു.






## ചെടിക്കൂട്ട് ഡയറി അനുമോദനം

2019 അധ്യയനവർഷത്തെ പരിസ്ഥിതിദിനത്തിന് സ്കൂളിൽ നിന്നും വിതരണം ചെയ്ത മാവിൻതൈ 2024 വരെ സംരക്ഷിച്ച് അതിൽ മാങ്ങ കായ്ക്കാൻ തുടങ്ങി. അത് ഫാത്തിമ ഫർഹാന എന്ന കുട്ടിയുടെ വീട്ടിൽ ആയിരുന്നു. അത് ഉറപ്പുവരുത്താനും അനുമോദിക്കാനുമായി പഞ്ചായത്ത് അധികൃതർ, സ്കൂൾ അധികൃതർ, PTA ഭാരവാഹികൾ എന്നിവരെല്ലാവരും ചേർന്ന് ഫാത്തിമയുടെ വീട്ടിൽ പോയി മൊമെന്റോ നൽകിഅനുമോദിച്ചു. ആ ദിവസം തന്നെPopulation Maruth യുടെ പ്രധാന staff കൾ വന്ന് തൈ നല്കുകയും ചെയ്തു.





## പച്ചക്കറിത്തോട്ടം ആരംഭം

ആലത്തൂർ കൃഷിഭവനിൽ നിന്ന് പച്ചക്കറി തൈകൾ വാങ്ങിക്കുകയും അത് പരിസ്ഥിതി ക്ലബ്ബ് അംഗങ്ങളും SSS അംഗങ്ങളും ഹെഡ്മാസ്റ്ററും ക്ലബ്ബ് അംഗങ്ങളും ചേർന്ന് ചട്ടികളിൽ പച്ചക്കറി തൈ നട്ടു.





## ക്ലീൻ ഡ്രൈവ് പ്രൊജക്ട്





ക്ലീൻ ഡ്രൈവ് പൊജക്ട് ആരംഭം കുട്ടികളിൽ പരിസരശുചീകരണത്തെക്കുറിച്ച് ബോധവാൻമാരാക്കുന്നതിനും സാമൂഹിക വൈകാരികബോധം ഉണർത്താനുമായി പഞ്ചായത്ത് തലത്തിലുള്ള ഒരു പ്രൊജക്ട് സ്കൂൾ കുട്ടികൾ ഏറ്റെടുക്കാനും പഞ്ചായത്ത് ഭരണ സമിതിയോട് ആലോചിക്കാനുമായി പ്രസിഡണ്ട്, മെമ്പർമാർ, PTA ഭാരവാഹികൾ, അധ്യാപകർ എന്നിവർ ചേർന്ന് ഒരു ആലോചനയോഗം കൂടി ചർച്ച നടന്നു. ചർച്ചയിൽ 3 വാർഡിന്റേയും വേസ്റ്റ് ഇടുന്ന spot കണ്ടെത്തി അതിനെത ക്ലീൻ ചെയ്യുകയും അവിടെ നല്ല മരങ്ങളോ ചെടികളോ നട്ട് നിരന്തരം അവിടെ സന്ദർശിക്കുകയും ആ സ്ഥലത്തിലേയും ആ പ്രദേശത്തേയും ജനങ്ങളെ ഞെട്ടിപ്പിക്കുന്ന തുടർപ്രവർത്തനം ചെയ്യാനും തീരുമാനിച്ചു. അതിന് നല്ലൊരു പേരും കണ്ടെത്തി. ഈ പ്രൊജക്ട് ഏറ്റെടുത്ത് നടത്തി രണ്ടോ മൂന്നോ വർഷത്തിനുള്ളിൽ ഈ വാർഡുകളിൽ പൂർണ്ണമായും പ്ലാസ്റ്റിക് നിരോദനവും വേസ്റ്റിടലും പൂർണ്ണമായും ഒഴിവാക്കാൻ കഴിയും എന്ന് കുട്ടികളിലൂടെ ജനങ്ങളിൽഎത്തിക്കാൻ കഴിയും. ഇതിനായി സർവ്വേ നടത്തൽ, സെമിനാർ, ബോധവൽക്കണ ക്ലാസ് തുടങ്ങിയവ നടത്താനും തീരുമാനമായി









